# ചെറിയാൻസിന്റെ ചെറുകഥകൾ

മിനികഥകൾ    നാല്    ജോയിക്കുട്ടി, ഡിട്രോയിറ്റ്

ചെറിയാൻസ് എത്തിയെൻ മുന്നിൽ പുതുമ നിറഞ്ഞീടും തൻ പുതുകഥയുമായി. കഥകൾ അതായിരം മൊഴിഞ്ഞീടും അതിൽ പരിഭവമൊന്നും തോന്നീടരുതെന്ന് മുന്നമേ ചൊല്ലിക്കൊണ്ട്. പദ്യമല്ലിത് ഗദ്യമാണെങ്കിലും കവിത തുളുമ്പീടും ശൈലിയിലെഴുതിയ കഥകൾ. അക്ഷരജ്ഞാനം പൂർണ്ണമായും ആശാൻ കളരിയിൽ നിന്നും പഠിച്ചിവൻ കഴിവുകളേറെ പ്രദർശിപ്പിക്കുന്നതിൽ അസൂയ തോന്നീടരുതേ പ്രവാസീമലയാളികൾ നിങ്ങൾ. അശ്ലീലം അശേഷം കലരാതിവൻ കഥയൊരിക്കലും പറയുകയില്ലല്ലോയെന്നോർത്തിച്ചിരുന്ന പോയി. അക്ഷരങ്ങൾ പലതുമുതിർന്ന് അധരപുടങ്ങളിൽ നിന്നത് വാക്കുകളായി വാക്യങ്ങളായി കഥയിതാക്കിയത് കേൾക്കാൻ വരുവീൻ സോദരരെ:

## പ്രദോഷം

ഉത്തുംഗശൃംഗങ്ങൾക്ക് പൂർവ്വാധികം പശ്ചിമ ദിക്കിനഗ്രേയറ്റത്തായ്, മറ്റുള്ള രാജ്യങ്ങൾക്ക് വല്ല്യേട്ടനായി പരിലസിക്കും പണ്ട് സമ്പൽസമൃദ്ധിയുടെ രാഷ്ട്രമെന്നറിയപ്പെടും അമേരിക്കയാണ് സ്ഥലം. പ്രവാസീ മലയാളികളിലൊരാളായീ പ്രദോഷപ്രായത്തിലെത്തിയ പ്രഭാകരൻ നായരുടെ കഥയാണിത്:

പ്രഭാതവും മദ്ധ്യാഹനവും കഴിഞ്ഞ് പ്രദോഷത്തിലെത്തീ പ്രഭാകരൻ നായരിന്ന് ശയ്യാലംഭിയായി രോഗശയ്യയിൽ. തളർന്നൂ തൻ ശരീരമാസകലം ഗളകണ്ഠത്തിന് മുകളിലൊഴിച്ച്. പ്രഭാകരൻ തൻ പ്രഭാത മദ്ധ്യാഹന പ്രഭാകരണങ്ങൾ ചൊരിഞ്ഞവശനായി പ്രദോഷത്തിലെത്തിയ നേരം. ശ്രവണപുടങ്ങളിലെത്തുന്നുണ്ടവൾ തൻ പ്രിയതമയുടെ കിളികൊഞ്ചലുകൾ. തന്നിലവവളെനിക്ക് ഒരു സന്തതിയെപ്പോലും എൻ വംശം നിലനിർത്തുവാനെങ്കിലും. ആദിയിൽ ഇപ്പോൾവേണ്ടമക്കൾ നമുക്ക് ഈ മധുവിധു കഴിയുംവെരെയെന്നവൾ ശഠിച്ചത് ശരിവെച്ചതിന്നബദ്ധമായിപ്പോയി. കാലങ്ങളേറെചെന്നപ്പോൾ തരാൻ പറ്റിലവളെനിക്ക് ഒരു സന്താനത്തിനേയുമെന്നറിഞ്ഞൂ ഖേദിച്ചൂ പാഴ്വേലയായി. കുലുക്കമുണ്ടായില്ലവളുടെ ഹൃത്തടം ഒരു സാധാരണ സ്ത്രീയെ പോലെയെങ്കിലും. തഥാ വിധിച്ചിതെന്നാശ്വാസിക്കാതെ തരമില്ല വേറൊരു മാർഗ്ഗവും. ദത്തെടുക്കത്തില്ലന്യ സന്തതികളെയൊന്നിനേയും തന്തയില്ലാ പിറന്ന സന്തതികളൊന്നിനേയുമെന്നവൾ പറഞ്ഞത് ഞായീകരിക്കാതിരിക്കാൻ പറ്റിയില്ല.

തുടക്കത്തിലേ അടങ്ങുകില്ലവളുടെ കാമം പലവുരു ഭോഗപ്രക്രിയ നടത്തിയവൾ മേൽ തൻ ഭഗീരഥ പ്രയോഗം തന്നെ നടത്തിയവളെ സന്തുഷ്ടയാക്കാൻ. എന്നിട്ടും വേണമവൾക്ക് തൻ കാമപ്രക്രിയകൾ പലതും.

മദാലസയവൾ തൻ അധിക ഭാരം വഹിക്കും സ്തനങ്ങൾ രണ്ടും ഭാരമതേകി അവളുടെ മാറിടത്തിന്. കശക്കുന്തോറും വിജ്രംഭിച്ചു നിന്നവർ രണ്ടും പോരിനെന്നപോലെ. നൽകില്ലവൾ ക്ഷീരമൊരിക്കലുമെന്നറിഞ്ഞിട്ടും നുണഞ്ഞും അവ രണ്ടും പിഞ്ചു പൈതലിനേപോൽ പലവുരു. മദനജലമൊഴുകി തൽഫലമായി കഠിനാദ്ധ്വാനമില്ലാതെ ഭോഗപ്രക്രിയ നടത്താൻ. പോരായവൾക്കെൻ പ്രയത്നങ്ങളൊന്നുമെന്ന് ലേശം മനസ്സിലാക്കാൻ വൈകിയല്പം. എന്നിട്ടും നിർത്തിയില്ലായെൻ കാമകേളികശേഷം അവൾ മേൽ. പ്രഭാകരൻ നായർ തൻ പ്രഭാതകാലത്തെ പ്രകടനങ്ങൾ ചന്ദ്രികയൊരിക്കലും അഭിനന്ദിച്ചില്ല. ചന്ദ്രന് പ്രഭയേകണമെങ്കിൽ പ്രഭാകരൻ തൻ പ്രകാശങ്ങളില്ലാതെ പറ്റില്ലന്നവനറിഞ്ഞു വൈകിയ വേളയിലെങ്കിലും. പല ദിനങ്ങളിലായി, പ്രഭാതം മുതൽ പ്രദോഷം വെരെ ചൊരിയും പ്രഭാകരൻ തൻ പ്രഭകൊണ്ട് ചില ദിനം പ്രകാശിക്കും ചന്ദ്രൻ തൻ മേൽ പിന്നെയും ചൊരിയും പ്രഭകൊണ്ടവൾ ഉരുകിയുരുക്കി അസ്തമിക്കുമൊരുനാൾ. പിന്നെയും സ്വാന്തനമേകി ചൊരിഞ്ഞീടും പ്രഭാകിരണങ്ങൾ കൊണ്ടാണ് അവൾ വീണ്ടും പ്രകാശിക്കുന്നതെന്ന് ഇദ്ധരയിലുള്ളവർ അറിയുന്നുണ്ടോ ഏതും! ഇദ്ധരയിലുള്ളവർ തൻ പ്രാഗത്ഭ്യകൊണ്ടാണോ ഗഗന തലേ താര ചന്ദ്രൻ പ്രകാശം ചൊരിയുന്നത്! പിന്നെന്തിനിവർ തൻ അഹന്ത കാട്ടുന്ന തൻപോരിമയോടെ! ഇല്ലാ ഇജ്ജനങ്ങൾക്കൊരിക്കലും വകതിരിവുബോധം ഇപ്പാരിലെവിടെയാണെന്നിരിക്കലും. കണ്ടൂ രണ്ടു ഡോളർകൊണ്ടഹങ്കരിക്കുന്ന ഇക്ഷോണി തൻ അമേരിക്കയിലും പ്രവാസികൾ. ഉണ്ടൊരു ശ്വാസമല്ലാതെന്ത് സ്വന്തമായി മറ്റുള്ളവരേക്കാൾ ഇവർക്കുമിദ്ധരയിൽ.

തൊട്ടയൽപക്കത്തേക്ക് രാഘവൻ നായരെ പ്രഭാകരൻ നായർ തന്നെയാണ് ഒരിക്കൽ കൊണ്ടാക്കിയിതും. മൃതിയിലായി തൻ പ്രിയതമയുടെ വിരഹവേദനയിൽ ആശ്വാസമേകാനായിട്ടായിരുന്ന കൊണ്ടു വന്നാക്കിയതും. അമിതമായാൽ അമൃതും വിഷമെന്നപോലെയായി ആ ബന്ധം. തൻ പ്രിയതമ ചന്ദ്രിക, അയാൾ തൻ മെയ്ക്കരുത്തിൽ ആകൃഷ്ടനായതിൽ അത്ഭുതപ്പെടാനൊന്നുമില്ല, അയാളുടെ അവശ നിലയിൽ. തൻ കാമത്തിനറുതി വരുത്താൻ രാഘവൻനായരുടെ മെയ്ക്കരുത്തിനാകുമെന്നാവൾ ആശിച്ചതിൽ ഖേദിക്കേണ്ടതില്ലല്ലോ. പ്രഭാതം മുതൽ പ്രദോഷം വെരെ തൻ മലമൂത്ര വിസർജ്ജനമെല്ലാം ശങ്കയെന്ന്യേ ചെയ്തീടുമവൾക്കും വേണ്ടേ സങ്കടമില്ലാതല്പനേരമെന്നാശ്വസിച്ചു. ദീർഘനേരം മലർന്നോ ഒരു വശമായോ ഒരാൾക്കും ശയിക്കാനാവതില്ലല്ലോ. ഏറെ നേരമങ്ങിനെ കിടന്നാൽ പരിഭവിക്കും തൻ തൊലി പോലുമുരിയും വേദന താൻ മാത്രമനുഭവിക്കേണ്ടി വരുമല്ലോ. ഒരു വശത്തു നിന്ന് മറു വശത്തേക്കും കിടത്തണം തന്നെയെങ്കിൽ പരസഹായം കൂടാതെ പറ്റില്ലല്ലോയീയവസ്ഥയിൽ.

ഒരു ചുവരിപ്പുറത്തു നിന്നുയരും കാമകേളീ ശ്വനങ്ങൾ തൻ ശ്രവണപഥത്തിലെന്നുപോലും അവൾ ചിന്തിച്ചില്ലല്ലോയെന്നോർത്തയാൾ വേപുഥപൂണ്ടു. ശീൽക്കാരമുതിർക്കും ശബ്ദകോലാഹലങ്ങളും നഖക്ഷത പ്രവർത്തികളും അവൾ തൻ കാമാറുതിക്കൊടുവിലെന്നയാൾ സ്മരിച്ചു. മാർക്കറ്റുകളിൽ പോകണമെന്നതും അതിനുടെ ചിലവുകളും അയാൾ രാഘവൻ തന്നെ വഹിക്കുമെന്നായപ്പോൾ ഉത്ഥിതനാകത്തില്ല തൻ ലിംഗവുമെന്നതയാൾക്കശ്വാസമരുളി. അന്തിയുറങ്ങാൻ പോലും അയാൾ രാഘവൻ നായർ പോയില്ല തൻ ഭവനത്തിൽ. എന്തിനേകനായ് കിടക്കുന്നു; ഇവിടെ അന്തിക്കു കൂട്ടിനുറങ്ങാൻ ഇവൾ കൂട്ടിനുള്ളപ്പോൾ. പല ദിനരാത്രങ്ങളങ്ങിനെ കഴിഞ്ഞപ്പോൾ അനാഥമായി അന്തിത്തിരിപോലും പ്രകാശിക്കാതായ് ആ അയൽപക്കം. ചിലന്തി വല നെയ്ത്തൂ തൻ വലകളനവധി അക്കൂരയിൽ പെട്ടതിലുഴറിയോ കീടങ്ങൾ പലതും. ഇല്ലൊരിക്കലുമവരാരും ക്രീഡാനുരാഗത്തിലിതുപോലെ. ആരിവിടെ കൂടുതൽ ആഹ്ലാദിച്ചൂ ഈ കാമക്രീഡകളിൽ, അവനോ അവളോ അതല്ല രണ്ടു പേരുമോ! ദീർഘകാലാക്രീഡകളാൽ അയാൾ ആയിത്തീർന്ന് എല്ലും തൊലിയുമായട്ടൊരു ദിനം വൈകാതെ തന്നെ.

ഒരിക്കലുമിത്രയും അന്തരത്തിലാകരുതൊരു വേളിയുമിഹത്തിലെന്നയാൾ പ്രഭാകരൻ നായർ മോഹിച്ചതു തെറ്റല്ലല്ലോ.